"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിനായി സംസ്ഥാനത്തിലും ത്രിതല പഞ്ചായത്തിരാജ് തലത്തിലും പ്രവർത്തിക്കുന്ന ഓഫീസുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതന നിരക്ക് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.1552/2019/LSGD തീയതി,തിരുവനന്തപുരം, 23/07/2019

---

പരാമർശം:- 1 സ.ഉ.(കൈ)നം. 187/2016/തസ്വഭവ തീയതി 03-12-2016

2 സ.ഉ.(പി)നം.112/2018/ധന തീയതി 21-07-2018

3 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 20-05-2019 തീയതിയിലെ 2290/ബി/18/എം.ജി.എൻ.ആർ.ഇ.ജി.എസ് നമ്പർ കത്ത്.

## ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയുടെ കീഴിൽ സംസ്ഥാന-ജില്ലാ- ഓഫീസുകളിലും ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം അവസാനമായി പരിഷ്കരിച്ചത് പരാമർശം (1) ഉത്തരവ് പ്രകാരമാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് കീഴിൽ കരാർ/ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം പരാമർശം(2) പ്രകാരം പുതുക്കി നൽകിയിട്ടുള്ളതിനാൽ ടി ജീവനക്കാരുടെ വേതനവും ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരുടെ വേതനവും തമ്മിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നതായും ഇത് പരിഹരിക്കുന്നതിനുള്ള ജീവനക്കാരുടെ അപേക്ഷ പരിഗണിക്കണമെന്നും അഭ്യർത്ഥിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടർ പരാമർശം(3) പ്രകാരം നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി.

2. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയുടെ കീഴിൽ സംസ്ഥാന-ജില്ലാ- ഓഫീസുകളിലും ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ചുവടെ പട്ടികയിൽ വിവരിച്ചിട്ടുള്ള പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക്( i മുതൽ iii വരെ) വിധേയമായി 01.04.2019 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | തസ്തിക | നിലവിലുള്ള ശമ്പളം | പുതുക്കിയ ശമ്പളം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഐ.റ്റി.പ്രൊഫഷണൽ (സംസ്ഥാനം) | 29,500/- | 31,565/- |
| 2 | ഐ.റ്റി.പ്രൊഫഷണൽ (ജില്ല) | 25,000/- | 26,750/- |
| 3 | അക്രഡിറ്റഡ് എൻജിനീയർ<br>(അസിസ്റ്റന്റ് എഞ്ചിനീയർ) | 25,000/- | 26,750/- |
| 4 | അക്രഡിറ്റഡ് ഓവർസിയർ | 18,500/- + 1,500/- റ്റി.എ | 19,795/- + 1,500/- റ്റി.എ |
| 5 | കമ്പ്യൂട്ടർ ഓപ്പറേറ്റർ(ഇ.എഫ്.എം.എസ്) | 18,500/- | 19,795/- |
| 6 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 18,500/- | 19,795/- |

(i) പദ്ധതിയുടെ ഭാഗമായി പ്രവൃത്തിയെടുക്കുന്ന അക്രഡിറ്റഡ് എഞ്ചിനീയർമാരെ (അസിസ്റ്റന്റ് എഞ്ചിനീയർ) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള വാർഷിക മാസ്റ്റർ സർ ക്കുലറിൽ (ഖണ്ഡിക 7.11.5.1 ഡി&ഇ) പറയും പ്രകാരമുള്ള ജൂനിയർ എഞ്ചിനീയർമാർക്ക് സമാനമായി പരിഗണിച്ച് അവരുടെ വേതനം 01.04.2019 മുതൽ പദ്ധതിയുടെ സാധനഘടകത്തിൽ വകയിരുത്തി ചെലവഴിക്കാവുന്നതാണ്.

(ii). ഓരോ ഗ്രാമപഞ്ചായത്തും തങ്ങളുടെ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്കുള്ള ഭരണചെലവ് താഴെപ്പറയുന്ന എണ്ണം ജീവനക്കാർക്കായി നിജപ്പെടുത്തിയും തൻവർഷത്തെ തങ്ങളുടെ ആകെ തൊഴിലുറപ്പ് പദ്ധതി ചെലവിന്റെ 5 ശതമാനത്തിൽ അധികരിക്കാതെയും നിലനിർത്തേണ്ടതും ആയത് അധികരിക്കുന്ന പക്ഷം പ്രസ്തുത ജീവനക്കാർക്കുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട്/ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതുമാണ്.

| പഞ്ചായത്തുകളുടെ തരം | സാങ്കേതിക വിഭാഗം | അക്കൌണ്ടന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ |
|---|---|---|
| മുൻ സാമ്പത്തിക വർഷം 1 കോടി രൂപയിൽ താഴെ ചെലവ് രേഖപ്പെടുത്തിയ ഗ്രാമപഞ്ചായത്ത് | ഓവർസിയർ - 1 | 1 |
| മുൻ സാമ്പത്തിക വർഷം 1 കോടി രൂപയിൽ കൂടുതൽ ചെലവ് രേഖപ്പെടുത്തിയ ഗ്രാമപഞ്ചായത്ത് | അക്രഡിറ്റഡ് എഞ്ചിനീയർ - 1<br>ഓവർസിയർ - 1 | 2 |
| മുൻ സാമ്പത്തിക വർഷം 2 . 6 കോടി രൂപയിൽ കൂടുതൽ ചെലവ് രേഖപ്പെടുത്തിയ ഗ്രാമപഞ്ചായത്ത് | അക്രഡിറ്റഡ് എഞ്ചിനീയർ - 1<br>ഓവർസിയർ - 2 | 3 |

(iii)ഒരു സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലും പദ്ധതി പ്രവർത്തനം ഫലപ്രദമായി നടത്താൻ സാധിക്കാത്ത പഞ്ചായത്തുകൾ അടുത്ത സാമ്പത്തിക വർഷം (2019-20-ൽ ഉൾപ്പെടെ) ഭരണചെലവ് ക്രമീകരിക്കുന്നതിന് ഏറ്റവും അത്യാവശ്യമായ ജീവനക്കാരെ മാത്രം നിലനിർത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINIMOL ABRAHAM

ADDITIONAL SECRETARY

പകർപ്പ്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും ( ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്